**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 173** **27-01-2026 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ ഇൻഷുറൻസ് കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കാൻ കഴിയാത്തവർക്കും, പുതുതായി കാർഡ് എടുക്കാൻ വേണ്ടിയും സർക്കാർ ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച നടത്തിയിട്ടുണ്ടോ; നിലവിൽ ഇൻഷ്വറൻസ് കാർഡില്ലാത്ത രോഗികൾക്ക് ഏത് തരത്തിലുള്ള ചികിത്സാ ധനസഹായമാണ് നൽകുന്നത് ; വിശദമാക്കാമോ? | (എ) | 2018-19 സാമ്പത്തിക വർഷം വരെ RSBY/CHIS/CHIS PLUS പദ്ധതികളിൽ സജീവ അംഗത്വമുണ്ടായിരുന്ന കുടുംബങ്ങളാണ് നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുന്നത് .പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടാത്ത ദുർബലരായ കുടുംബങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പ വരുത്തുന്നതിനായി ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിനായി തദ്ദേശീയമായ ആരോഗ്യ ആനുകൂല്യ പദ്ധതികളായ കാരുണ്യ ബെനവലന്റ് ഫണ്ട് ,ആരോഗ്യ കിരണം ,ശ്രുതി തരംഗം എന്നീ പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട് .<br><br><u>കാരുണ്യ ബെനവലന്റ് ഫണ്ട്</u><br><br>സംസ്ഥാനത്തെ 3 ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളല്ലാത്ത കുടുംബങ്ങൾക്കായി നൽകി വരുന്ന ആരോഗ്യ ആനുകൂല്യ പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട് (കെ ബി എഫ് )<br><br><u>ആരോഗ്യ കിരണം</u><br><br>ഒരു വയസ്സ് മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സംസ്ഥാനത്തെ കുട്ടികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ .തദ്ദേശീയരായ,ആദായനികുതിദായകരോ കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാരോ അല്ലാത്ത കുടുംബങ്ങളിൽ ഉൾപ്പെടുന്ന കുട്ടികൾക്കാണ് ആരോഗ്യ കിരണം പദ്ധതിയുടെ പരിരക്ഷ നൽകുന്നത്<br><br><u>ശ്രുതിതരംഗം</u><br><br>ഗുരുതരമായ ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് സൗജന്യ "കോക്ലിയാർ ഇംപ്ലാന്റേഷൻ " ശസ്ത്രക്രിയയും അനുബന്ധ സേവനങ്ങളായ ഓഡിറ്ററി വെർബൽ |

| | | | |
|---|---|---|---|
| | | | തെറാപ്പി ,ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ ," പ്രോസസ്സർ അപ്ഗ്രഡേഷൻ " എന്നിവ സൗജന്യമായി ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം .<br><br>എല്ലാവർക്കും ആരോഗ്യ പരിരക്ഷ (യൂണിവേഴ്സൽ ഹെൽത്ത് കവറേജ് )എന്ന ലക്ഷ്യത്തിലൂന്നിയ പ്രവർത്തനങ്ങളും സർക്കാർ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന ചെയ്തു വരുന്നുണ്ട് .ഇതിന്റെ ഭാഗമായി മേൽപറഞ്ഞ പദ്ധതികളിൽ ഉൾപ്പെടാതെ പോയ കുടുംബങ്ങളെ ആരോഗ്യ പരിരക്ഷയുടെ പരിധിയിലേക്ക് ഉൾപ്പെടുത്തുന്നതിനായി പുതിയ പദ്ധതികളുടെ രൂപരേഖ സർക്കാർ പരിശോധിച്ച് വരുന്നു . |

സെക്ഷൻ ഓഫീസർ